No. 53/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
ലോകരക്ഷകനായ ദൈവപുത്രന്റെ തിരുജനനം ആചരിക്കുവാൻ നോമ്പനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധ സഭ ഒരുങ്ങുകയാണല്ലോ. പാപത്താൽ വീണുപോയ ദൈവീക സ്വരൂപം വീണ്ടെടുക്കുവാനും മനുഷ്യപുത്രരെ ദൈവ പുത്രരാക്കുവാനുമാണ് മശിഹാ തമ്പുരാൻ മനുഷ്യാവതാരം ചെയ്തത്. ദൈവമുമ്പാകെയുള്ള പരിപൂർണ്ണ സമർപ്പ ണത്തിന്റെയും, വിനയം മൂലമുള്ള വിശുദ്ധീകരണത്തിന്റെയും, കരകവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെയും, ദൈവത്തിന്റെ പരിശുദ്ധാത്മാവിലുള്ള നിർമ്മലമായ ആരാധനയുടെയും അമൂല്യപാഠങ്ങളാണ് ഓരോ ക്രിസ്തു മസും ലോകത്തോട് പങ്കുവയ്ക്കുന്നത്. ദൈവപ്രസാദമുള്ള മനുഷ്യർക്ക് ലഭ്യമാകുന്ന സ്വർഗ്ഗീയ സമാധാനം നമ്മുടെ മനസ്സുകളിൽ അനുഭവിക്കുവാൻ ഇടയാകത്തക്കവണ്ണം അനാഥരുടെയും വിധവകളുടെയും ദു:ഖിതരു ടെയും ജീവിതത്തിൽ ആശ്വാസത്തിന്റെ അനുഭവങ്ങൾ പ്രദാനം ചെയ്തുകൊണ്ട്, ക്രിസ്തീയ സാക്ഷ്യത്തോടെ മാതൃകാപരമായി ഈ വർഷത്തെ യൽദോ പെരുന്നാൾ ആചരിക്കുവാൻ നമുക്ക് സാധിക്കണം.

നാം അനുഭവിക്കുന്ന എല്ലാ ദാനങ്ങൾക്കും നന്മകൾക്കും അത്യുന്നതങ്ങളിലുള്ള ദൈവത്തിന് മഹത്വം കരേറ്റു വാൻ നമുക്ക് കഴിയണം. ബേത്‌ലഹേമിലെ ആട്ടിടയന്മാരെപ്പോലെ വിശുദ്ധിയുടെയും വിനയത്തിന്റെയും പാത കളിൽ ആരാധനയുടെ നക്ഷത്ര ശോഭകളാൽ യേശുതമ്പുരാന്റെ പുൽക്കൂടോളം യാത്ര ചെയ്യുവാൻ ഈ പെരു ന്നാൾ ആഘോഷം മുഖാന്തിരമാവണം. ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാനായി നാം ഒരുങ്ങുന്ന കാലഘട്ടം കൂടിയാണല്ലോ ഇത്. പുതുക്കം പ്രാപിച്ച മനുഷ്യരായി വിശുദ്ധിയോടെ നവവത്സരത്തെ നമുക്ക് വര വേൽക്കാം. പിന്നിട്ട വഴികളിൽ വന്നുപോയ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പുതിയ പ്രതീക്ഷക ളോടെ, പുത്തൻ നന്മകളെ പ്രാപിച്ചുകൊണ്ട് ദൈവത്തോടൊപ്പം സഞ്ചരിക്കുവാൻ നമുക്ക് ഇടയാകണം. ദൈവീക ദൂതുകൾ പ്രാപിച്ച്, അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞുകൊണ്ട്, പുതിയ മനുഷ്യരായി നാം രൂപാന്തരപ്പെ ടേണ്ടിയിരിക്കുന്നു. എല്ലാവർക്കും അനുഗ്രഹകരമായ ക്രിസ്തുമസും നന്മകൾ നിറഞ്ഞ പുതുവത്സരവും ആശം സിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേ ലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരു ടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 നവംബർ മാസം 23-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.